ഹൊസ്ദുർഗ് ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയിൽ ഒഴിവുകൾ

കാസർകോട്: ഹൊസ്ദുർഗ് ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയിൽ ഭാവിയിൽ ഉണ്ടാകാനിടയുള്ള വിവിധ ഒഴിവുകളിലേക്ക് വിരമിച്ച കോടതി ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ അസിസ്റ്റന്റ്/ എൽ.ഡി ടൈപ്പിസ്റ്റ് (ഒരു ഒഴിവ്), ഓഫീസ് അറ്റന്റന്റ് (രണ്ട് ഒഴിവ്) തസ്തികളിലേക്ക് പി.എസ്.സി നിഷ്കർഷിച്ച യോഗ്യതയും അഞ്ച് വർഷത്തെ പ്രവൃത്തി പരിചവുമുള്ളവർക്ക് അപേക്ഷിക്കാം. യോഗ്യരായവർ ഒക്ടോബർ 18 നകം വയസ്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജില്ലാ ജഡ്ജ്, ജില്ലാ കോടതി, കാസർകോട്- 671123 എന്ന വിലാസത്തിലോ നേരിട്ടോ അപേക്ഷിക്കണം. കവറിന് പുറത്ത് താത്കാലിക നിയമനത്തിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തണം.

കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

കാസർകോട്: പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സാഹിത്യകാരൻമാരുടെ തിരഞ്ഞെടുക്കപ്പെടുന്ന കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായത്തിന് അപേക്ഷിക്കാം. യഥാർത്ഥ ചെലവോ, 40,000 രൂപയോ ഏതാണോ കുറവ് ആ തുക അനുവദിക്കും. പട്ടികജാതി/പട്ടികവർഗക്കാരെ സംബന്ധിച്ച പഠനഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് ജനറൽ വിഭാഗത്തിൽപ്പെട്ട ഒരാൾക്കും ധനസഹായം നൽകും. ഒരു വർഷം പരമാവധി 20 സാഹിത്യകാരൻമാർക്കാണ് ധനസഹായം നൽകുക. അപേക്ഷകൾ ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി.ഒ., തിരുവനന്തപുരം - 695 003 എന്ന വിലാസത്തിൽ നവംബർ അഞ്ച് വൈകീട്ട് അഞ്ചിനകം ലഭിക്കണം. അപേക്ഷയുടെ മാതൃക ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും www.scdd.kerala.gov.inൽ നിന്നും ലഭിക്കും. ഫോൺ: 0471 2315375.

പ്രദർശനമേള സംഘടിപ്പിച്ചു

കാസർകോട്: വനിതാ ശിശു വികസന വകുപ്പ് ഐ.സി.ഡി.എസ് കാഞ്ഞങ്ങാട്, അജാനൂർ പഞ്ചായത്ത് ഐ.സി.ഡി.എസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 46-ാം വാർഷിക ആഘോഷ പരിപാടിയുടെ ഭാഗമായി പഞ്ചായത്ത്തല പ്രദർശന പരിപാടി സംഘടിപ്പിച്ചു. അജാനൂർ പഞ്ചായത്ത് പ്രസിഡണ്ട് ടി.ശോഭ ഉദ്ഘാടനം ചെയ്തു. അജാനൂർ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ. കൃഷ്ണൻ ആധ്യക്ഷം വഹിച്ചു. കെ മീന, ഷീബ ഉമ്മർ, പി.ബേബി, സിന്ധു ബാബു, കെ.രവീന്ദ്രൻ, കെ. വി.ലക്ഷ്മി, കെ. വി. ഗൗരിശ്രീ, ടി പി റീജ, എം. വി.രത്ന സംസാരിച്ചു. പഞ്ചായത്ത് ജീവനക്കാർ, അംഗൻവാടി ജീവനക്കാർ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തംകൊണ്ട് ചടങ്ങും പ്രദർശനവും ശ്രദ്ധേയമായി. ഐ.സി. ഡി.എസ് നല്കിവരുന്ന സേവനങ്ങൾ, വകുപ്പ് വഴി നൽകുന്ന ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചാർട്ടുകൾ, ന്യൂട്രിമിക്സ് കൊണ്ടുള്ള വിവിധ വിഭവങ്ങളായ പായസം, അപ്പത്തരങ്ങൾ, പേഡ, തുടങ്ങിയവ പ്രദർശനത്തിൽ ശ്രദ്ധയാകർഷിച്ചു.

സിവിൽ ഡ്രാഫ്റ്റ്മാൻ ഒഴിവ്

കാസർകോട്: നഗരസഭയിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനാക്കുന്നതിന് തയ്യാറാക്കിയ ഐബിപിഎംഎസ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു സിവിൽ ഡ്രാഫ്റ്റ്മാനെ നിയമിക്കുന്നു. കൂടിക്കാഴ്ച ഒക്ടോബർ 21 ന് രാവിലെ 10 ന് നഗരസഭാ ഓഫീസിൽ. ഓട്ടോ കാഡ് പരിജ്ഞാനവും രണ്ടുവർഷ പ്രവൃത്തി പരിചയവുമുള്ളവർക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പങ്കെടുക്കാം.

കഞ്ചിക്കട്ട പാലം നിർദ്ദേശം കരാറുകാർക്കു വേണ്ടിയെന്ന് ആക്ഷേപം

കഞ്ചിക്കട്ട പുഴയോരത്ത് നിർദ്ദിഷ്ട പാലത്തിനു വേണ്ടി പൊളിക്കാനിരിക്കുന്ന മൈനർ ഇറിഗേഷൻ വകുപ്പ് സ്ഥാപിച്ച കെട്ടിടം

കുമ്പള: പണം ചെലവാക്കാൻ സർക്കാർ തയ്യാറുള്ളപ്പോൾ അതിനുള്ള അവസരമൊരുക്കിക്കൊണ്ടു മൈനർ ഇറിഗേഷൻ വകുപ്പും ഉഷാറായി നിൽക്കുന്നു.

വൻതുക ചെലവഴിച്ച് കഞ്ചിക്കട്ട പുഴയോരത്ത് ദീർഘ വീക്ഷണമില്ലാതെ അഞ്ചു വർഷം മുമ്പു ഇക്കൂട്ടർ നിർമ്മിച്ച കെട്ടിടം പൊളിച്ചു മാറ്റാൻ ഇതേ വകുപ്പു മേധാവികൾ തന്നെ പദ്ധതി ആവിഷ്ക്കരിച്ചതായി പറയുന്നു.

കഞ്ചിക്കട്ട പുഴക്കു കുറുകെ നിലവിലുള്ള വി സി ബി കംബ്രിഡ്ജ് പൊളിച്ചു മാറ്റി പകരം പുതിയ പാലം നിർമ്മിക്കാൻ ആരംഭിച്ച നീക്കത്തിന്റെ ഭാഗമായാണിത്.

പുഴയിൽ ഉപ്പുവെള്ളം തടയുന്നതിനു സ്ഥാപിച്ച വി സി ബിയുടെ പലകകളും മറ്റ് ഉപകരണങ്ങളും സൂക്ഷിക്കാൻ നേരത്തെ ഇവിടെ ഉണ്ടായിരുന്ന ഉറപ്പുള്ള കെട്ടിടം പൊളിച്ചു മാറ്റിയാണ് നിലവിലുള്ള കെട്ടിടം പണിതത്. ആ പണി കരാറുകാരനു വേണ്ടിയായിരുന്നെന്ന് അന്നേ പരാതി ഉയർന്നിരുന്നു. ഇപ്പോൾ അതു പൊളിക്കാനുള്ള പണിയും പുതിയ പാലത്തിന്റെ പണിയുമൊക്കെ ആവുമ്പോൾ കരാറുകാർക്കും രാഷ്ട്രീയക്കാർക്കും മൈനർ ഇറിഗേഷനും കുശാലാവുമെന്നും നാട്ടുകാർ പറയുന്നു.

പുതിയ പാലത്തിനു പ്രൊപ്പോസൽ നൽകിയതു നിലവിൽ കെട്ടിടം നിൽക്കുന്ന സ്ഥലത്തു കൂടിയാണെന്ന് ആക്ഷേപമുണ്ട്.

കാഞ്ഞങ്ങാട് ബ്ലോക്കിന്റെ മൊബൈൽ വെറ്റിനറി ക്ലിനിക്ക് ഉദ്ഘാടന ചടങ്ങിൽ നിന്നും

സൗജന്യ മൊബൈൽ വെറ്റിനറി ക്ലിനിക്കുമായി കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

കാഞ്ഞങ്ങാട്: ഓമനിച്ച് വളർത്തുന്ന അരുമമൃഗങ്ങളുടെ ചികിത്സയ്ക്കായി ഇനിയെങ്ങും പരക്കം പായേണ്ട. വിളിച്ചാൽ വീടിന് മുന്നിൽ വെറ്റിനറി ഡോക്ടറെത്തും. പൂർണ്ണമായും സൗജന്യചികിത്സയും മരുന്നും നൽകും. ജില്ലയിലാദ്യമായി മൊബൈൽ വെറ്റിനറി ക്ലിനിക്ക് സ്ഥാപിച്ച് പുതു ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ് കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്. ഇത് ക്ഷീര കർഷകർക്കും മൃഗസ്നേഹികൾക്കും ഏറെ ഗുണവും മിണ്ടാപ്രാണികൾക്ക് വലിയ ആശ്രയവുമാണ്. കാഞ്ഞങ്ങാട് ബ്ളോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. ഉദുമ എം.എൽ.എ സി.എച്ച്. കുഞ്ഞമ്പു ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അജാനൂർ, ഉദുമ, പള്ളിക്കര, പുല്ലൂർ പെരിയ, മടിക്കൈ ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരകർഷകർക്ക് സൗജന്യമായി വെറ്റിനറി ഡോക്ടർമാരുടെ സേവനവും മരുന്നും അടിയന്തര സാഹചര്യത്തിൽ വീട്ടുപടിക്കലെത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മൂന്ന് മണിക്ക് ശേഷം രാത്രി 9 മണി വരെ മൃഗ ഡോക്ടറുടെ സേവനവും മരുന്നും ലഭ്യമാക്കുന്ന ഒരു നൂതന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് രൂപം കൊടുത്തത്. രാത്രി വൈകിയും അടിയന്തിര സാഹചര്യം വന്നാൽ മൊബൈൽ വെറ്റിനറി ക്ലിനിക്ക് വീട്ടിലെത്തും. ബന്ധപ്പെടേണ്ട ടെലിഫോൺ നമ്പർ : 7034401445, 9526377925.

മുഴുവൻ സമയ ഡോക്ടറെ നിയമിക്കണം

പെരുമ്പള: പരവനടുക്കം വെറ്റിനറി ഹോസ്പിറ്റലിൽ ഒരു മുഴുവൻ സമയ ഡോക്ടറെ അടിയന്തിരമായി നിയമിക്കണമെന്ന് സി.പി.ഐ പെരുമ്പള സെക്കന്റ് ബ്രാഞ്ച് ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു. ധാരാളം ക്ഷീര കർഷകർ താമസിക്കുന്ന ചെമ്മനാട് പഞ്ചായത്തിലെ പ്രധാന വെറ്റിനറി ഹോസ്പിറ്റലായ പരവനടുക്കത്ത് സ്ഥിരം ഡോക്ടർ ഇല്ലാത്തതിനാൽ ക്ഷീര കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണെന്നും യോഗം വിലയിരുത്തി. യോഗത്തിൽ കെ.മാധവൻ ആധ്യക്ഷം വഹിച്ചു. കെ.കൃഷ്ണൻ, അപ്പ കുഞ്ഞി, മായ കരുണാകരൻ സംസാരിച്ചു.

കോഴിക്കോട്ട് നടന്ന സംസ്ഥാന സീനിയർ റസ്ലിംഗ് ചാമ്പ്യൻ ഷിപ്പിൽ വെള്ളി മെഡൽ നേടിയ വിഷ്ണു നാരായണൻ. കാട്ടുകുളങ്ങര സ്വദേശിയാണ്.

നവമാധ്യമ ഭീകരത തടയണം: പരിവാർ പാലക്കുന്ന്

പരിവാർ പാലക്കുന്ന് യു എ ഇയുടെ ഭാരവാഹികളായ ചന്ദ്രൻ(പ്രസി), സതീശൻ(സെക്ര), പ്രവിരാജ് (ട്രഷ)

പാലക്കുന്ന്: കേരളത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന നവമാധ്യമഭീകരവാദ ജിഹാദി പ്രവർത്തനങ്ങൾ തടയണമെന്നു പരിവാർ പാലക്കുന്ന് യുഎഇ കമ്മറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു.മാധ്യമ ഭീകരതക്കു ഒത്താശ ചെയ്യുന്ന ഭരണപക്ഷ രാഷ്ട്രീയ കോമരങ്ങളും യുക്തിവാദികളും ഇടതുപക്ഷ നിരീക്ഷകരും നടത്തിക്കൊണ്ടിരിക്കുന്ന കൂട്ട് കെട്ട് അവസാനിപ്പിക്കണം. മതേതരത്വത്തിന്റെ മുഖംമൂടിയണിഞ്ഞ് മത വർഗീയതയുടെ കനൽ വാരിയിട്ട് ജനങ്ങളെ തമ്മിലടിപ്പിച്ച് കൊണ്ട് രാഷ്ട്രീയ സ്വാർത്ഥ ലാഭത്തിനു വേണ്ടി നടത്തുന്ന നെറികേട് രാഷ്ട്രീയം അവസാനിപ്പിക്കണമെന്നും പരിവാർ പാലക്കുന്ന് ആവശ്യപ്പെട്ടു. ഭാരവാഹികളായി ചന്ദ്രൻ (പ്രസി.), സുനിൽ(വൈസ് പ്രസി.), സതീഷ്(സെക്ര.), മഞ്ചു, പി. കെ.ശ്രീധരൻ(ജോ.സെക്ര.), പ്രവിരാജ്(ട്രഷ.), ശ്യാം അച്ചേരി(ജോ.ട്രഷ), മാധവൻ അച്ചേരി(രക്ഷാധികാരി) എന്നിവരെ തെരഞ്ഞെടുത്തു

സർക്കാർ അംഗീകൃത കോഴ്സുകൾക്ക് എസ് സി- എസ് ടി വിഭാഗത്തിന് നൂറു ശതമാനം ഫീസിളവ്

കാസർകോട്: സർക്കാർ അംഗീകൃത പി ജി ഡി സി എ, ഡി സി എ, കമ്പ്യൂട്ടർ ടി ടി സി, ഡി ടി പി, ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, ഡാറ്റ എൻട്രി, വെബ് ഡിസൈനിംഗ് എന്നിവ എസ് സി -എസ് ടി വിദ്യാർത്ഥികൾക്ക് 100 ശതമാനവും മറ്റുള്ളവർക്ക് 20 ശതമാനവും ഫീസിളവോടെ പഠിക്കാൻ അവസരം. കാസർകോട് പ്രസ് ക്ലബ്ബ് ജംഗ്ഷനിലെ ഐടെക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആന്റ് കമ്പ്യൂട്ടർ എജ്യുക്കേഷനിലാണ് ഈ സൗകര്യമുള്ളത്. താൽപ്പര്യമുള്ളവർക്ക് 9495340303 എന്ന നമ്പരിൽ ബന്ധപ്പെടാം.

സത്താർ ചികിത്സാ സഹായനിധി കൈമാറി

സത്താർ ചികിത്സാ സഹായ നിധി ആദ്യഗഡു ഹനീഫ, ജാഫർ എന്നിവർ ചേർന്ന് ടി കെ ജാഫറിനു കൈമാറുന്നു

കാഞ്ഞങ്ങാട്: ഇരു വൃക്കകളും തകർന്ന് വൃക്ക മാറ്റിവെക്കാൻ ഉദാരമതികളുടെ സഹായം തേടുന്ന ഹൊസ്ദുർഗ് കടപ്പുറം മീനാപ്പീസിലെ സത്താറിന് വേണ്ടി കാഞ്ഞങ്ങാട് ജനകീയ ശബ്ദം വാട്ട്സ്ആപ്പ് കൂട്ടായ്മ ഗ്രൂപ്പ് മെമ്പർമാരിൽ നിന്ന് പിരിച്ചെടുത്ത തുകയുടെ ആദ്യ ഗഡു സത്താർ ചികിത്സ സഹായ നിധി ആക്ഷൻ കമ്മിറ്റി കൺവീനറും കാഞ്ഞങ്ങാട് മുൻസിപ്പൽ കൗൺസിലറുമായ കെകെ ജാഫറിന് കൈമാറി.

ജനകീയ ശബ്ദം കൂട്ടായ്മ അംഗങ്ങളായ ഹനീഫ വടകരമുക്ക്, ജാഫർ കാഞ്ഞിരായിൽ എന്നിവർ ചേർന്നാണ് കൂട്ടായ്മയ്ക്ക് വേണ്ടി അംഗങ്ങളിൽ നിന്ന് പിരിച്ചെടുത്ത ചികിത്സ സഹായനിധിയുടെ ആദ്യ ഗഡു കൈമാറിയത്.

എസ്.കെ.എസ്.എസ്.എഫ് ജില്ലാ അദാലത്ത് 14 മുതൽ

കാസർകോട്: എസ്.കെ.എസ്.എസ്.എഫ് ജില്ലാ കമ്മിറ്റിയുടെ പ്രോഗ്രസ് പ്രീ അദാലത്ത് 14,15,16 തീയതികളിലായി നടക്കും. 14-ന് രാവിലെ പത്തിന് ഹൊസങ്കടിയിൽ നിന്നും ആരംഭിക്കുന്ന അദാലത്ത് വണ്ടി 11 മേഖലകളിലെ എല്ലാ ക്ലസ്റ്റർ കേന്ദ്രങ്ങളിലും പര്യടനം നടത്തി 16-ന് രാത്രി ഒമ്പതിന് തൃക്കരിപ്പൂരിൽ സമാപിക്കും. ശാഖാ ശാക്തീകരണത്തിന്റെ ഭാഗമായാണ് അദാലത്ത് സംഘടിപ്പിക്കുന്നത്. മുഴുവൻ ശാഖാ ക്ലസ്റ്റർ മേഖലാ ഭാരവാഹികളും എല്ലാ രേഖകളും സഹിതം കൃത്യസമയത്ത് തന്നെ അദാലത്തിൽ സംബന്ധിക്കണമെന്ന് ജില്ലാ പ്രസിഡന്റ് സുഹൈർ അസ്ഹരി, സെക്രട്ടറി വി.കെ മുഷ്താഖ് ദാരിമി, നാസിർ അസ്ഹരി, കൺവീനർ സിദ്ദീഖ് അറിയിച്ചു.

പ്രീ പ്രൈമറി കോർണർ ഉദ്ഘാടനം ചെയ്തു

മാവുങ്കാൽ : ജി യു പി സ്കൂൾ പുതിയകണ്ടം പ്രീ പ്രൈമറി കുട്ടികളുടെ പഠനോപകരണം ഒരുക്കുന്നതിന്റെ ഭാഗമായുള്ള പ്രീ പ്രൈമറി കോർണർ താലോലം സ്കൂൾ തല ഉദ്ഘാടനം അജാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി.ശോഭ നിർവ്വഹിച്ചു. വാർഡ് മെംബറും, പി.ടി.എ പ്രസിഡണ്ടുമായ മധു എം.വി ആധ്യക്ഷം വഹിച്ചു. മദർ പി.ടി.എ പ്രസിഡണ്ട് ശ്രീമ, ശാലിനി ബാബു, കെ.വി.ഗൗരി, കെ.ശാന്ത സംസാരിച്ചു.

മീഞ്ച ഗ്രാമ പഞ്ചായത്ത്

അറിയിപ്പ്

1846/2021/LSGD 24.09.021സർക്കാർ ഉത്തരവു പ്രകാരം പഞ്ചായത്തിലേക്ക് ഒരു പ്രൊജക്ട് അസിസ്റ്റന്റിനെ താൽക്കാലികമായി നിയമിക്കുന്നതിന് അപേക്ഷകൾ 21.10.2021 5PM വരെ പഞ്ചായത്തിൽ സ്വീകരിക്കുന്നു. ഇന്റർവ്യൂ 22.10.2021 10.30AM.

യോഗ്യത

സംസ്ഥാന സാങ്കേതിക പരീക്ഷ കൺട്രോളർ/ സാങ്കേതിക വിദ്യാഭ്യാസ ബോർഡ് നടത്തുന്ന മൂന്ന് വർഷത്തെ ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് (ഡി.സി.പി)/ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ് മാനേജ്മെന്റ് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള ബിരുദവും ഒപ്പം ഒരു വർഷത്തിൽ കുറയാതെയുള്ള അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പാസായിരിക്കുകയും വേണം.

2. പ്രായപരിധി- 2021 ജനുവരി 1ന് 18നും 30നും ഇടയിൽ, പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 3 വർഷത്തെ ഇളവ് അനുവദിക്കുന്നതാണ്.
3. മീഞ്ച ഗ്രാമപഞ്ചായത്ത് സ്ഥിര താമസക്കാർക്ക് മുൻഗണന നൽകുന്നതാണ്.
4. മേൽ നടപടി ക്രമത്തിലൂടെ തെരഞ്ഞെടുക്കുന്ന പ്രൊജക്ട് അസിസ്റ്റന്റിനെ 2022 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതാണ്. സഉ(അ) നം. 29/2021 ധന തീയ്യതി 11.02.2021 ലെ കാറ്റഗറി IV പ്രകാരമുള്ള കരാർ വേതനം അനുവദിക്കുന്നതാണ്. എന്നിരുന്നാലും മേൽ നടപടി ക്രമത്തിലൂടെ നിയമിക്കുന്ന ജീവനക്കാരിയെ/ ജീവനക്കാരനെ ഇടയ്ക്ക് പെർഫോമൻസ് വിലയിരുത്തി ആവശ്യമെങ്കിൽ പുതിയ ആളെ ഭരണ സമിതി തീരുമാന പ്രകാരം നിയോഗിക്കുന്നതുമാണ്.

ഒപ്പ്, സെക്രട്ടറി
മീഞ്ച ഗ്രാമ പഞ്ചായത്ത്

ചെമ്മനാട് പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്- 487

മുണ്ടാങ്കുലം ചെമ്മനാട്, പി ഒ ചെമ്മനാട്- 671317
ഫോൺ: 9074994128, 9846705618

സെയിൽസ്മാൻ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

സംഘത്തിന്റെ സെയിൽസ്മാൻ തസ്തികയിലേക്ക് സഹകരണ നിയമം 80-ാം വകുപ്പു പ്രകാരം യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു

ശമ്പളം : പ്രതിമാസം മൊത്തശമ്പളം 6000/- രൂപ
യോഗ്യത, പ്രായ പരിധി : സഹകരണ നിയമ പ്രകാരം

അപേക്ഷകൾ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 2021 ഒക്ടോബർ 30ന് വൈകിട്ട് 4 മണിക്ക് മുമ്പായി സംഘം ഓഫീസിൽ നേരിട്ടോ, തപാലിലോ എത്തിക്കുക.

ചെമ്മനാട്
12-10-21

ഒപ്പ്,
സെക്രട്ടറി

ഫലപ്രദമായ പാരമ്പര്യ ചികിത്സ

നിങ്ങൾക്കുണ്ടാകുന്ന ബലഹീനത, നാഡി തളർച്ച, ഞരമ്പു തളർച്ച, ശീഘ്രസ്ഖലനം, സ്വപനസ്ഖലനം, ദാമ്പത്യപരാജയം, വെള്ളപോക്ക്, തരിപ്പ്, കടച്ചിൽ, വേദന, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ കൂടാതെ എല്ലാവിധ രോഗങ്ങൾക്കും സ്വന്തം മരുന്നുകൾ ഉണ്ടാക്കി കൊടുത്ത് 44ൽപരം വർഷങ്ങളായി കാസർകോട്ട് ചികിത്സിച്ചുവരുന്നു. പാരമ്പര്യ വൈദ്യർ

എം.എച്ച്. ചൗധരി
ഡോ.ഷക്കീൽ ചൗധരി BAMS
അവർകളെ നേരിൽ കാണുക
അൽ -ഇമാൻ
ആയുർവ്വേദിക് ക്ലിനിക്
ഫോർട്ട് റോഡ് കാസർകോട്
മഡിയൻ , കാഞ്ഞങ്ങാട്

സന്ദർശന സമയം രാവിലെ 9.00 മണി മുതൽ രാത്രി 6.30മണി വരെ
Mob: 9446060021, 9446090021

കേരള പ്രവാസി ലീഗ് ജില്ലാ നേതൃയോഗം ടി ഇ അബ്ദുല്ല ഉദ്ഘാടനം ചെയ്യുന്നു

ആനുകൂല്യങ്ങൾ പ്രഖ്യാപനങ്ങളിൽ ഒതുക്കി സർക്കാർ പ്രവാസികളെ വഞ്ചിച്ചു: ടി.ഇ.

കാസർകോട്: അവകാശങ്ങളും, ആനുകൂല്യങ്ങളും പ്രഖ്യാപനങ്ങളിൽ ഒതുക്കി പ്രവാസി സമൂഹത്തെ വഞ്ചിക്കുന്ന സർക്കാർ നിലപാട് പരിഹാസ്യമാണെന്നും, പ്രവാസികളോടുള്ള നീതികേടിനെതിരെ പോരാടുന്ന പ്രസ്ഥാന മാണ് കേരള പ്രവാസി ലീഗ് എന്നും മുസ്ലിംലീഗ് ജില്ലാപ്രസിഡണ്ട് ടി.ഇ.അബ്ദുല്ലപറഞ്ഞു. കേരള പ്രവാസി ലീഗ് ജില്ലാ നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രസിഡണ്ട് എ.പി.ഉമ്മർ ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി ഖാദർ ഹാജി ചെങ്കള സ്വാഗതം പറഞ്ഞു.

മുസ്ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി എ. അബ്ദുൽ റഹ്മാൻ മുഖ്യപ്രഭാഷണം നടത്തി. കാപ്പിൽ മുഹമ്മദ് പാഷ, ടി.പി. കുഞ്ഞബ്ദുല്ല ഹാജി, അബ്ദുൽ റഹ്മാൻ, ബി.യു. അബ്ദുല്ല, ദാവൂദ്, റസാഖ്, ടി.എം. ശുഹൈബ്, ബഷീർ, സലാം ഹാജി, കെ.പി.എ. മജീദ്, എസ്.എം. ശാഫി ഹാജി, ബഷീർ, അബ്ദുല്ല മാദേരി, അബ്ദുൽ റഹ്മാൻ ഉദയ, ഫൈസൽ, ഗഫൂർ, മുഹമ്മദ് ഗസാലി, കെ.എം. അബ്ദുൽ റഹ്മാൻ, എ.എം.ഇബ്രാഹിം, ശാഫി, സലാം പാലക്കി, മുഹമ്മദ് സുലൈമാൻ, മുനീർ പി., ഹനീഫ്, മജീദ് സന്തോഷ്, നൗഷാദ്, അമ്മദലി, ഹസൈനാർ, അബ്ബാസ്, അബ്ദുൽ ബഷീർ, ഉസ്മാൻ, എൻ.എ. മാഹിൻ, അഹമ്മദ് ഹാജി, അസ്ലം, അഹമ്മദ് ഹാജി പ്രസംഗിച്ചു.

തകർന്ന റോഡിൽ നാട്ടുകാർ വാഴ നട്ടു

തകർന്ന മന്ദംപുറം റോഡിൽ നാട്ടുകാർ വാഴനട്ടു പ്രതിഷേധിച്ചപ്പോൾ

നീലേശ്വരം: തകർന്ന് യാത്ര ദുരിതമായ റോഡിൽ നാട്ടുകാർ വാഴ നട്ട് നഗരസഭ അധികൃതർക്കെതിരെ പ്രതിഷേധിച്ചു. നീലേശ്വരം നഗരസഭയിലെ ടൗൺ വാർഡായ 32 ൽ ഉൾപെടുന്ന മന്ദം പുറംറോഡിലെ കുഴിയിലാണ് വാഴനട്ട് നാട്ടുകാർ പ്രതിഷേധം അറിയിച്ചത്. നീലേശ്വരം പൊലീസ് സ്റ്റേഷന്റെ പിറകിൽ നിന്ന് തുടങ്ങി മന്ദംപുറം ജമാഅത്ത് പള്ളി വരെയുള്ള രണ്ട് കിലോമീറ്റർ റോഡാണ് തകർന്ന് കിടക്കുന്നത്.

ഉച്ചൂളി കുതിർ, കോട്ടപ്പുറം, കൊയാമ്പുറം ഭാഗങ്ങളിലുള്ളവർ എളുപ്പവഴിയായി ഈ റോഡിനെയാണ് ആശ്രയിക്കുന്നത്. വർഷങ്ങളായി തകർന്ന റോഡിൽ കുഴികൾ മാത്രമാണുള്ളത്. മഴ വന്നതോടെ കുഴികളിൽ ചെളിവെള്ളം കെട്ടിക്കിടക്കുകയാണ്. ഇരുചക്ര- മുചക്ര വാഹനങ്ങളിൽ പോകുന്നവരാണ് തകർന്ന റോഡിലൂടെയുള്ള യാത്രയിൽ ദുരിതമനുഭവിക്കുന്നത്. വർഷങ്ങളായുള്ള നാട്ടുകാരുടെ മുറവിളി നഗരസഭ അധികൃതർ ഗൗനിക്കാറില്ലെന്നാണ് നാട്ടുകാരുടെ ആക്ഷേപം. അസുഖം വന്ന് ആശുപത്രിയിൽ കൊണ്ട് പോകുന്ന രോഗികളും വലിയ ദുരിതം പേറുകയാണ്. ഒടുവിൽ സഹികെട്ടാണ് മന്ദംപുറം റോഡിലെ കുഴിയിൽ വാഴ നട്ട് നാട്ടുകാർ പ്രതിഷേധം അറിയിച്ചത്.

ഇൻലാന്റ് നാവിഗേഷൻ ഓഫീസ് ചെറുവത്തൂരിലേക്ക് മാറ്റി

ചെറുവത്തൂർ: കാലിക്കടവിൽ പ്രവർത്തിച്ചുവന്ന ഇൻലാന്റ് നാവിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഒഴിഞ്ഞുകൊടുത്തതിനാൽ, പ്രസ്തുത ഓഫീസ് ഒക്ടോബർ 12 മുതൽ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ വിവി നഗറിലെ കെ.ബി കോംപ്ലക്സ് ബിൽഡിൽ പ്രവർത്തിക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

UNDER GUARDIAN AND WARDS ACT.
IN THE COURT OF THE DISTRICT JUDGE, KASARAGOD-II ORIGINAL PETITION No. 62 /2021 G&W

In the matter of minor,
Christine Mary Paul, aged 16 years,
1. Shanty Shaji, aged 51 years,
2. Joel Mathew Paul, aged 22 years,
3. Irin Ann Paul, aged 20 years,
4. Christine Mary Paulaged 16 years,
No. 1 W/o Late Shaji Mathew,No.2 to 4 are children of Late Shaji Mathew, all are Christians,Landholders,
No. 2 and 3 are Represented by their mother1st petitioner Shanty Shaji, as their power of attorney and petitioner
No. 4 is minor, Represented by her mother 1st petitioner Shanty Shaji as her guardian (next fried)
... Petitioners

NOTICE OF PETITION TO APPOINT A GUARDIAN

To all whom it may concern,

Take a notice that, on the 9th day of September 2021 the above petitioners, all are permanently residing in Pottayil house, Padimaruthu, Kodoth Village, Vellarikkundu taluk and Kasaragod District presented a petition to this court praying that the 1st petitioner Shanty Shaji may be appointed (or declared to be) the guardian of the person and property of the above named minor and for other relief, and the 25th day of.October 2021has been fixed for the hearing of the petition, and that if you desire to oppose the said petition, or to apply for the appointment of any person other than the said Shanty Shaji as guardian of the person and property of the said minor, you must appear on the said. 25th day of October 2021

In this court at 11 am in person, or by a duly authorized pleader and be prepared to adduce any documentary and oral evidence upon which you rely and that, in default of your appearance, the said petition may be heard and determined in your absence, Any relation or friend of the said minor may appear and be heard upon the said petition and may inspect and obtain a copy of the petition; and it shall not be necessary to present any application for this purpose.

SCHEDULE OF PROPERTY

Property situated in Kodoth Village, Vellarikkundu Taluk within
S R O Rajapuram

<table>
<tr><th>Sl. No</th><th>R. S. No.</th><th>Extent
A.C</th><th>H-A-Sq. Mts.</th><th>Kissam</th></tr>
<tr><td>1.</td><td>1/42 A1B</td><td>1.35</td><td>0- 54-62</td><td>Dry</td></tr>
<tr><td colspan="5">Boundaries:- East: Item No. 2 Property, South: Property of Karakinatil Stephen , West: SSD,North: property of Mathai.</td></tr>
<tr><td>2.</td><td>1/42 A1B</td><td>0.35</td><td>0-14-16</td><td>Dry</td></tr>
<tr><td colspan="5">Boundaries:-East: Property of Francis Mathew, South: Property of Karakinatil Stephen West: item No. 1 property, North: property of Abraham.</td></tr>
<tr><td>3.</td><td>1/42 A1B</td><td>0.10</td><td>0-04-05</td><td>Dry</td></tr>
<tr><td colspan="5">Boundaries:- East: Property of kaniyamparambil Philip, South: Panathoor-Kottacheri state higway road, West: property of chacko, North: SSD</td></tr>
<tr><td>4.</td><td>1/ 42 A1B</td><td>0.90</td><td>0-36-42</td><td>Dry</td></tr>
<tr><td colspan="5">Boundaries:-East: Property of Kaniyamparambil philip, South: SSD, West: Property of varikkamakkil Chacko, Mullamkuzhi Tomy, Madhu, Pottayil Mathew, North: Property of Kaniyamprambil Thomas.</td></tr>
</table>

By Orders

Kasaragod,
05.10.2021.

M Mohanan Nambiar
(Adv.for Peritioner)

Central Nazir